## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3291

24/06/2013ൽ മറുപടി നൽകേണ്ടിയിരുന്നത്

## പി.എസ്.സി. വഴിയുള്ള എൽ.ഡി.ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

**ചോദ്യം:**

ശ്രീ. റ്റി വി. രാജേഷ്

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എൽ.ഡി.ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികകൾക്ക് റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെപ്പോഴാണ്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഈ തസ്തികകളിലേക്കുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തി റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റുകൾ 30.3.2012നും, എൽ.ജി.എസ്. റാങ്ക് ലിസ്റ്റുകൾ 29.6.2012നും നിലവിൽ വന്നു. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും നൽകിയ നിയമന ശിപാർശകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.

(ബി) നിലവിലുള്ള എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

| ജില്ല | എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് | | എൽ.ജി.എസ്. റാങ്ക് ലിസ്റ്റ് | |
|---|---|---|---|---|
| | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | ആകെ നിയമന ശുപാർശകളുടെ എണ്ണം | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | ആകെ നിയമന ശുപാർശകളുടെ എണ്ണം |
| തിരുവനന്തപുരം | 30.03.2012 | 867 | 29.06.2012 | 835 |
| കൊല്ലം | 30.03.2012 | 160 | 29.06.2012 | 929 |
| ആലപ്പുഴ | 30.03.2012 | 174 | 29.06.2012 | 121 |
| പത്തനംതിട്ട | 30.03.2012 | 167 | 29.06.2012 | 344 |
| കോട്ടയം | 30.03.2012 | 213 | 29.06.2012 | 249 |
| എറണാകുളം | 30.03.2012 | 416 | 29.06.2012 | 334 |
| ഇടുക്കി | 30.03.2012 | 182 | 29.06.2012 | 122 |
| തൃശ്ശൂർ | 30.03.2012 | 237 | 29.06.2012 | 465 |
| പാലക്കാട് | 30.03.2012 | 244 | 29.06.2012 | 565 |
| മലപ്പുറം | 30.03.2012 | 317 | 29.06.2012 | 98 |
| കോഴിക്കോട് | 30.03.2012 | 182 | 29.06.2012 | 455 |
| വയനാട് | 30.03.2012 | 103 | 29.06.2012 | 274 |
| കണ്ണൂർ | 30.03.2012 | 232 | 29.06.2012 | 281 |
| കാസർഗോഡ് | 30.03.2012 | 155 | 29.06.2012 | 77 |